**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – കോട്ടയം-ജില്ലയിലെ പശ്ചിമ മേഖലയിലെ നെൽകൃഷി വിളവെട്ടപ്പിനെ തടസ്സപ്പെടുത്തുന്ന പോള – പായൽ നീക്കം ചെയ്യുന്നതിന് 2014-15 വർഷത്തിലെ തനത് ഫണ്ട് / പ്ലാൻ ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 956/2015/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 27.03.2015.

---

പരാമർശം:- 1) കോട്ടയം ജില്ലാ കളക്ടറുടെ 20.03.2015-ലെ 517/2015/ഡി.പി.ഒ/കെ.റ്റി.എം. നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

2) വികേന്ദ്രീകൃതാസൂത്രണത്തിനായിട്ടുള്ള സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 25.03.2015-ലെ 3.41 നമ്പർ ഇനം തീരുമാനം.

**ഉത്തരവ്**

കോട്ടയം ജില്ലയുടെ പടിഞ്ഞാറൻ പ്രദേശങ്ങളിൽ നെൽകൃഷി കൊയ്ത്ത് തടസ്സപ്പെടുന്ന വിധത്തിൽ ജലാശയങ്ങളിലെ പോള-പായൽ ശല്യം ഉള്ളത് പരിഹരിക്കുന്നതിനായി പ്രിൻസിപ്പൽ കൃഷി ഓഫീസർ കൺവീനറായും മേജർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, തഹസിൽദാർമാർ, പഞ്ചായത്ത് പ്രസിഡന്റ്മാർ എന്നിവർ അംഗങ്ങളായും രൂപീകരിച്ച കമ്മിറ്റി സുതാര്യമായ രീതിയിൽ പ്രവർത്തിക്കുന്നതിന് സഹായകമായി കോട്ടയം ജില്ലയിലെ തിരുവാർപ്പ്, അയ്മനം, കുമരകം, ആർപ്പൂക്കര, നീണ്ടൂർ, കല്ലറ, വെച്ചൂർ, വാഴപ്പള്ളി, പനച്ചിക്കാട് എന്നീ ഗ്രാമ പഞ്ചായത്തുകൾ, കോട്ടയം മുനിസിപ്പാലിറ്റി എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ 2014-15 ലെ തനത് ഫണ്ട് / പ്ലാൻ ഫണ്ട് എന്നിവയിൽ നിന്നും അവരുടെ കമ്മിറ്റി തീരുമാനത്തിന് വിധേയമായി പരമാവധി 2,00,000/- (രണ്ട് ലക്ഷം രൂപ വരെ) വിനിയോഗിക്കുന്നതിന് പരാമർശം (2) ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എസ്.ശരത്ചന്ദ്രൻ,
അണ്ടർ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം ( ബന്ധപ്പെട്ട നഗരസഭയ്ക്ക് ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

(...2)

ജില്ലാ കളക്ടർ, കോട്ടയം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
പ്രിൻസിപ്പൽ കൃഷി ഓഫീസർ, കോട്ടയം.
കൃഷി വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്:-

1. ബഹു: പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.
2. പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്സിന്.
3. സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
4. തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്.